**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി - റവന്യൂ കുടിശ്ശിക വസൂലാക്കൽ - റവന്യൂ റിക്കവറിക്കും നികുതി നിർണ്ണയത്തിനും മേലുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിക്കൽ - ഉത്തരവാകുന്നു.

**ധനകാര്യ (രഹസ്യ) വകുപ്പ്**

**സ.ഉ. (അ) നം. 546/2015/ധന** **തീയതി, തിരുവനന്തപുരം 02.12.2015.**

പരാമർശം : 19.09.2014 ലെ സ.ഉ. (അ) നം. 399/2014/ധന.

# ഉത്തരവ്

റവന്യു കുടിശ്ശികകൾ വസൂലാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളുടെ ഭാഗമായി ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള റവന്യു റിക്കവറിക്കും, നികുതി നിർണ്ണയത്തിനും മേൽ സ്റ്റേ അനുവദിക്കുന്നത് ബന്ധപ്പെട്ട വകുപ്പുമന്ത്രി, ധനകാര്യമന്ത്രി, മുഖ്യമന്ത്രി എന്നിവർക്ക് ഫയൽ ചംക്രമണം ചെയ്തുകൊണ്ടുമാത്രമേ പാടുള്ളൂ എന്ന് മേൽ പരാമർശത്തിൽ ഉത്തരവായിരുന്നു.

എന്നാൽ റവന്യു സമാഹരണം ഊർജ്ജിതമാക്കുന്നതിന് കൂടുതൽ ശക്തമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ടെന്ന് അധിക വിഭവ സമാഹരണം സംബന്ധിച്ച് ധനകാര്യ വകുപ്പ് നടത്തുന്ന പ്രതിമാസ അവലോകന യോഗത്തിൽ കണ്ടെത്തുകയുണ്ടായി.

വസ്തുതകൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപയിലധികമുള്ള റവന്യു റിക്കവറിക്കും, നികുതി നിർണ്ണയത്തിനും മേൽ സ്റ്റേ അനുവദിക്കുന്നത് ബന്ധപ്പെട്ട വകുപ്പുമന്ത്രി, ധനകാര്യമന്ത്രി, മുഖ്യമന്ത്രി എന്നിവർക്ക് ഫയൽ ചംക്രമണം ചെയ്തുകൊണ്ടും നിർണ്ണയിക്കപ്പെട്ട നികുതി തുകയുടെ / റവന്യു റിക്കവറിയുടെ മൂന്നിലൊന്ന് നിശ്ചിത സമയപരിധിക്കുള്ളിലും ബാക്കി തുക 12 തുല്യ തവണകളായും ഒടുക്കണമെന്ന നിബന്ധനയോടും മാത്രമേ പാടുള്ളൂ എന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. കെ.എം. എബ്രഹാം,**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. & എസ്.എസ്.എ.), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ.എസ്.എ.), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമവകുപ്പുൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും(എല്ലാ സെക്ഷനുകൾക്കും).
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ഗവ. ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സൂക്ഷിപ്പ് ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.